ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.
തീയതി-20/03/2017

എസിഡി.സി1/65881/2017/എച്ച്.എസ്.ഇ

സർക്കുലർ

വിഷയം- ഹ.സെ.വി.- ലോക ജലദിനം (മാർച്ച് 22) - ജല സംരക്ഷണ പ്രതിജ്ഞ എടുക്കുന്നത് -സംബന്ധിച്ച്.

സൂചന- 18/03/2017- തീയതിയിലെ (സാധാ)നം.744/2017/പൊ.വി.വി. നമ്പർ കത്ത്.

അന്താരാഷ്ട്ര ജലദിനം സംസ്ഥാന വ്യാപകമായി സമുചിതമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലോക ജലദിനമായ മാർച്ച് 22-ന് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുഴുവൻ അദ്ധ്യാപകരും അനദ്ധ്യാപക ജീവനക്കാരും വിദ്യാർത്ഥികളും ചേർന്ന് ചുവടെ ചേർത്തിരിക്കുന്ന ജലസംരക്ഷണ പ്രതിജ്ഞ എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രതിജ്ഞ

ജലം ജീവനാണ്.
ജലമില്ലെങ്കിൽ ജീവനില്ല, ഭൂമിയില്ല, നമ്മളുമില്ല.
ഈ പ്രാധാന്യം ഞാൻ മനസ്സിലാക്കുന്നു.
ജലസമൃദ്ധി എന്നെന്നും നിലനിന്നുകൊള്ളണമെന്നില്ല എന്ന സത്യം
ഞാൻ തിരിച്ചറിയുന്നു.
നാല്പത്തിനാലു നദികളുടെ നാടായ കേരളം പോലും
കൊടിയ വരൾച്ചയിലായിരിക്കുന്നു.
പ്രകൃതി നശീകരണത്തിലൂടെയും മലിനീകരണത്തിലൂടെയുമുള്ള
മനുഷ്യന്റെ ഇടപെടലുകളാണ്
ഈ സ്ഥിതിവിശേഷത്തിനു കാരണം എന്നത് ഞാൻ ഉൾക്കൊള്ളുന്നു.

അതിനാൽ

ജലത്തിന്റെ ഉപയോഗത്തിൽ
ഞാൻ മിതത്വം പുലർത്തുന്നതാണ്.
ജലസ്രോതസ്സുകളുടെ പരിപാലനത്തിലും പരിപോഷണത്തിലും
ഞാൻ സൂക്ഷ്മത പുലർത്തുന്നതാണ്
സ്രോതസ്സുകളും ജലാശയങ്ങളും മലിനമാകരുത് എന്നതിൽ
ഞാൻ ജാഗ്രത പുലർത്തുന്നതാണ്.

പുതിയൊരു ജലസംസ്കാരത്തിനു രൂപം നൽകി
പിന്തുടരുന്നതിനായി
എന്റെ സ്വന്തം നിലയിലും
ഒത്തൊരുമിച്ചും
പരിശ്രമിക്കുന്നതാണെന്ന്
ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഡയറക്ടർ